(സി) മുടങ്ങിക്കിടക്കുന്ന ചെറുതുരുത്തി തടയണയുടെ ശേഷിക്കുന്ന ഭാഗത്തിന്റെ നിർമ്മാണത്തിനായി 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2015-16 ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ല. എന്നാൽ ആർ.എം.എഫ്-ൽ ഉൾപ്പെടുത്തി പ്രസ്തുത തടയണയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി സംസ്ഥാന ഉന്നത തല സമിതിയുടെ പരിഗണനയിലാണ്.

കാസർഗോഡ് നഗരത്തിലെ കുടിവെള്ളക്ഷാമം

134 (2343) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരത്തിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമേ കുടിവെള്ളം ലഭിക്കാറുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പമ്പുകളും മോട്ടോറുകളും അനുവദിച്ചിട്ടും കാസർഗോഡ് നഗരത്തിലെ ജനങ്ങൾക്ക് ഇപ്പോഴും കുടിവെള്ളം കിട്ടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് നഗരത്തിൽ കുടിവെള്ള വിതരണ പമ്പുകളുടെ മോട്ടോർ തകരാറ് ആകുന്നതുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടാറുണ്ട്. പ്രവർത്തനരഹിതമായ മോട്ടോറുകളുടെ തകരാറുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയതായി സ്ഥാപിച്ച രണ്ട് പമ്പ് സെറ്റുകൾ ഗ്യാരണ്ടി പിരീഡിൽ തന്നെ തകരാറായതിനാൽ പ്രസ്തുത കരാറുകാരനെ കൊണ്ടുതന്നെ കരാർ വ്യവസ്ഥയനുസരിച്ച് കേടായ മോട്ടോറുകൾ മാറ്റി പുതിയ പമ്പ് സെറ്റ് സ്ഥാപിച്ച് കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കാഞ്ഞങ്ങാട് മടിക്കൈ പുല്ലിക്കാൽ ക്രോസ് ബാർ-കം-ബ്രിഡ്ജ് അറ്റകുറ്റപ്പണികൾ

135 (2344) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly